# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1330 — 06.03.2018-ൽ മറുപടിക്ക്

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സി.ജോസഫ് | ഡോ. കെ. ടി. ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം അനുവദിക്കുന്നത് ഏതൊക്കെ വിഭാഗങ്ങളിലായിട്ടാണ്; വിശദമാക്കുമോ; | എ) തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പ്രാദേശിക വികസനത്തിന് വകയിരുത്തുന്ന പദ്ധതി വിഹിതം വികസന ഫണ്ട്, ജനറൽ, എസ്.സി.പി, ടി.എസ്.പി എന്നിവയാണ്. മെയിന്റനൻസ് ഫണ്ട് - റോഡ് മെയിന്റനൻസ്, നോൺ റോഡ് മെയിന്റനൻസ് എന്നിവ ഇതിനു പുറമേ നൽകുന്നുണ്ട്. |
| ബി) 2018-19 ൽ അഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ പൊതുവിഭാഗത്തിൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും മുനിസിപ്പൽ/കോർപ്പറേഷൻ എന്നിവയ്ക്കും ഏത് അനുപാതത്തിലാണ് തുക വകയിരുത്തിയിട്ടുള്ളത്; ഇത് നാലാം ധനകാര്യ കമ്മീഷൻ ശിപാർശ നൽകിയ അതേ അനുപാതമാണോയെന്ന് വ്യക്തമാക്കുമോ; | ബി) 2018-19 വർഷത്തിൽ 5-ാം ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ പൊതു വിഭാഗത്തിൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ/ മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകൾക്ക് 46.396 : 16.975 : 10.538 : 9.116 എന്ന അനുപാതത്തിലാണ് തുക വകയിരുത്തിയിട്ടുള്ളത്. ഇത് 4-ാം ധനകാര്യ കമ്മീഷൻ കാലഘട്ടത്തിന് സമാനമായാണ്. |
| സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുമായി 2018-19 ൽ എന്ത് തുകയാണ് നീക്കി വച്ചിട്ടുള്ളത്; അത് 2017-18 നെക്കാൾ എത്ര ശതമാനം കൂടുതലാണെന്ന് വ്യക്തമാക്കുമോ? | സി) 2018-19 സാമ്പത്തിക വർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും, സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കുമായി 128018.00 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷത്തിൽ 94398.50 ലക്ഷം രൂപയാണ് |

വകയിരുത്തിയിരുന്നത്. ആയതിൻ പ്രകാരം 2018-19 സാമ്പത്തിക വർഷത്തിൽ 2017-18 വർഷത്തേക്കാൾ 35.61 ശതമാനം അധികമാണ്.

നഗരകാര്യ വകുപ്പിന് കീഴിൽ നഗരസഭകൾ മുഖേന നടപ്പിലാക്കുന്ന വിവിധ സംസ്ഥാന പദ്ധതികൾക്കായി 2018-19 ൽ 10,020 ലക്ഷം രൂപയും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2,40,262 ലക്ഷം രൂപയും ചേർത്ത് ആകെ 2,50,282 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 2017-18 ൽ ആകെ 94,444 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. 2018-19 ലെ ആകെ ബഡ്ജറ്റ് വിഹിതം 2017-18 നെക്കാൾ 167% കൂടുതലാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുമായി 2018-19 ൽ ഗ്രാമപഞ്ചായത്തുകൾക്കായി 13241 ലക്ഷം രൂപയും ജില്ലാപഞ്ചായത്തുകൾക്കായി 1400 ലക്ഷം രൂപയും നീക്കിവച്ചിട്ടുണ്ട്. ഇതു ഗ്രാമപഞ്ചായത്തുകളിൽ 2017-18 നെക്കാൾ 122% കൂടുതലാണ്. ജില്ലാപഞ്ചായത്തുകളിൽ 2017-18 വർഷത്തെ അതേ തുകയാണ്.

സെക്ഷൻ ഓഫീസർ